സ.ഉ.(സാധാ) നം.1156/2023/LBR

ഫയൽ നം.സി1/110/2023-തൊഴിൽ

"ഭരണഭാഷ- മാതൃഭാഷ"

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
20 SEP 2023
ശ്രമശക്തി ഭവൻ, വികാസ് ഭവൻ, തിരുവനന്തപുരം

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - കട്ടിംഗ് & ടെയിലറിംഗ്/ കട്ടിംഗ് & സീയിംഗ്/ സീയിംഗ് ടെക്നോളജി എന്നീ ട്രേഡുകൾ നിയമന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ മേൽ മൂന്ന് ട്രേഡുകളിൽ ഒന്നിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് അപേക്ഷിക്കുവാൻ യോഗ്യതയുണ്ടെന്ന് സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1156/2023/LBR തീയതി,തിരുവനന്തപുരം, 19-09-2023

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 16.05.2023-ലെ ഡിടി/1245/2023-എഫ്1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടി.ഐ.കളിൽ നടത്തുന്ന കട്ടിംഗ് & ടെയിലറിംഗ്, കട്ടിംഗ് & സീയിംഗ് ട്രേഡുകളും സീയിംഗ് ടെക്നോളജി ട്രേഡും ഒന്നാണെന്നും ഈ വിഷയത്തിൽ ഒരു പൊതു ഉത്തരവ് ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കണ്ണൂർ ആർ.ഐ.സെന്റർ ട്രെയിനിംഗ് ഓഫീസർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ച് ഈ വിഷയം പരിശോധിക്കുകയും കട്ടിംഗ് & ടെയിലറിംഗ്, കട്ടിംഗ് & സീയിംഗ് ട്രേഡുകളുടെ സിലബസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും സീയിംഗ് ടെക്നോളജി ട്രേഡ് സിലബസിലും ഉൾപ്പെട്ടിട്ടുള്ളതായും ആയതിനാൽ സീയിംഗ് ടെക്നോളജി ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മേല്പറഞ്ഞ രണ്ട് ട്രേഡുകളിലും ഉള്ള സർട്ടിഫിക്കറ്റ് എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് യോഗ്യതയായി അപേക്ഷിക്കുന്നതിന് യോഗ്യതയുണ്ട് എന്ന് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സീയിംഗ് ടെക്നോളജി ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് അപേക്ഷിക്കാൻ കഴിയുന്ന പി.എസ്സ്.സി തസ്തികകളിൽ കട്ടിംഗ് & ടെയിലറിംഗ്, കട്ടിംഗ് & സീയിംഗ് ട്രേഡുകളിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് കൂടി അപേക്ഷിക്കുവാൻ യോഗ്യതയുണ്ടെന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയുടേയും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കട്ടിംഗ് & ടെയിലറിംഗ്, കട്ടിംഗ് & സീയിംഗ്, സീയിംഗ് ടെക്നോളജി എന്നീ ട്രേഡുകളിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് അപേക്ഷിക്കാൻ കഴിയുന്ന പി.എസ്സ്.സി തസ്തികകളിൽ ടി മൂന്ന് ട്രേഡുകളിൽ ഏതിലെങ്കിലും ഒന്നിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് അപേക്ഷിക്കുവാൻ യോഗ്യതയുണ്ടെന്ന് സ്പഷ്ടമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)



Generated from eOffice by SHAFINA U S, F1 DTTVPM, F1 DTTVPM, KSITD on 29/09/2023 01:33 PM

സ.ഉ.(സാധാ) നം.1156/2023/LBR

എൻ.കെ.ചന്ദ്ര
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usharani L
Date: 19-09-2023 16:36:40
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.



Generated from eOffice by SHAFINA U S, F1 DTTVPM, F1 DTTVPM, KSITD on 29/09/2023 01:33 PM